

# ആരവം

ഡിജിറ്റൽ മാഗസിൻ 2023-24

ജി എച്ച് എസ് എസ് എടപ്പാൾ

# ആശംസ



എടപ്പാൾ ഗവർമെൻറ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ സർഗ്ഗസമ്പന്നരായ വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ അണിയിച്ചൊരുക്കുന്നു എന്നറിഞ്ഞതിൽ അഭിമാനമുണ്ട്. ഡിജിറ്റൽ മാഗസിൻ എഡിറ്റോറിയൽ അംഗങ്ങൾക്കും, അവരെ പ്രാപ്തരാക്കിയ കൈറ്റ് മിസ്ട്രസ്സുമാർക്കും ആശംസകൾ നേരുന്നു.



കെ വി വാസുദേവൻ
ഹെഡ്മാസ്റ്റർ

# ആശംസ

എടപ്പാൾ ഗവർമെൻറ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. മാഗസിനും, അതിൻെറ അണിയറ പ്രവർത്തകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

സുന്ദരൻ
പി ടി എ പ്രസിഡണ്ട്

# മാഗസിനെക്കുറിച്ച്.........

2018ൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി ഹൈസ്കൂളുകളിൽ ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. വിദ്യാലയങ്ങൾ ഹൈടെക് ആയി മാറിയ സാഹചര്യത്തിൽ സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി, പരിശീലനവും പ്രോത്സാഹനവും നൽകുക, ഹൈടെക് ഉപകരണങ്ങൾ പരിപാലിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.

ആനിമേഷൻ, പ്രോഗ്രാമിംഗ്, മീഡിയ ആൻഡ് ഡോക്യുമെന്റേഷൻ തുടങ്ങിയ വിവിധ മേഖലകളിലെ പരിശീലനത്തിനു പുറമേ സാമൂഹിക പ്രസക്തിയുള്ള പല ബോധവൽക്കരണ പ്രവർത്തനങ്ങളിലും പങ്കാളികളാകാൻ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. രക്ഷിതാക്കൾക്കുള്ള സൈബർ സുരക്ഷാ ക്ലാസുകൾ, അമ്മമാർക്കുള്ള അമ്മയറിയാൻ ക്ലാസുകൾ, രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരതാ ക്ലാസുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഉപജില്ലാ കലോത്സവത്തിൽ വിവിധ പരിപാടികൾ റെക്കോർഡ് ചെയ്യുവാനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സ് പരിശീലനത്തിന്റെ ഭാഗമായി ഞങ്ങൾ തയ്യാറാക്കുന്ന ഒരു ലളിത സംരംഭമാണ് ഈ ഡിജിറ്റൽ മാഗസിൻ

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ : സച്ചിൻ കെ അനിൽ

അംഗങ്ങൾ : ഫാത്തിമ നിയ

ശീതൾ ടി

അതുൽ ടി

ഫാത്തിമ സന

സയന മണികണ്ഠൻ

# ഉള്ളടക്കം

രചനകൾ പേജ് നമ്പർ


സ്കൂളിനെക്കുറിച്ച്.....5
ഹൈക്കുത്രയം.....8
What I see and feel .....9
സങ്കടക്കടൽ.....10
പ്രകൃതി.....11
എൻമകജെ.....12
My Dream .....13
പഴഞ്ചൊല്ലുകൾ.....14
ഒടുവിൽ ഞാൻ മാത്രം ബാക്കിയാവുന്നു.....15
A nightmare.....16
റോസാപ്പൂ.....18
നിർമ്മിതബുദ്ധിയുടെ കാലത്തെ മനുഷ്യജീവിതം.....20
കൂട്ടുകാരൻ.....22
പട്ടിണി.....23
Mom.....26
കുസൃതിച്ചോദ്യങ്ങൾ.....27
ദേഷ്യത്തിൻെറ കാരണം.....28
Innovations in Science.....30
ഇരുട്ടിൻെറ തീവ്രത.....31

# സ്കൂളിനെക്കുറിച്ച്.....



എടപ്പാൾ പുഴമ്പ്രത്ത് മനയിലേയും നാരായണമംഗലത്ത് മനയിലേയും കാരണവർമാർ സൗജന്യമായി കൊടുത്ത ആറേകാൽ ഏക്കർ സ്ഥലത്ത് 1957 ൽ അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡാണ് എടപ്പാളിൽ ഈ ഹൈസ്കൂൾ ആരംഭിച്ചത് . ഭാഷാ സംസ്ഥാനം ്രുപീകരിക്കപ്പെട്ടപ്പോൾ മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാർ, കേരളത്തിന്റെ ഭാഗമായി മാറുകയും ഡിസ്ട്രിക് ബോർഡ് സംവിധാനം അവസാനിക്കുകയും ചെയ്തു. തുടർന്ന് ഹൈസ്കൂൾ കേരള സർക്കാർ ഏറ്റെടുത്തു . ഈ വിദ്യാലയത്തിന്റെ ആരംഭം അടുത്തുള്ള സ്വകാര്യ സ്ഥലത്തായിരുന്നെങ്കിലും അതേ വർഷം തന്നെ അന്നത്തെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഇ. എം .എസ്. നമ്പൂതിരിപ്പാട് ശിലാസ്ഥാപനം നിർവഹിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങി.

സാഹിത്യകാരനും ജ്ഞാനപീഠ ജേതാവുമായ ശ്രീ. എം. ടി. വാസുദേവൻ നായരുടെ ജ്യേഷ്ഠ സഹോദരൻ ശ്രീ. എം. ടി. ഗോവിന്ദൻ നായരായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. അഞ്ച് ഓടിട്ട കെട്ടിടങ്ങൾ



കൂടി നിർമ്മിച്ചുകൊണ്ട് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചുവെങ്കിലും വിദ്യാർത്ഥികളുടെ ബാഹുല്യം നിമിത്തം സ്ഥലസൗകര്യം മതിയാകാതെ ഒരു

കോൺക്രീറ്റ് കെട്ടിടം കൂടി ഗവൺമെൻറ് ധനസഹായത്തോടെ പണികഴിപ്പിക്കുകയും ചെയ്തു. എന്നിട്ടും ഇവിടെ പ്രവേശനം നേടിയ വിദ്യാർത്ഥികളെ മുഴുവനും ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ 5 മുതൽ 10 വരെ ക്ലാസുകളിൽ ആയി 45 വിദ്യാർത്ഥികളും 120ൽ പരം അധ്യാപകരും ഉണ്ടായിരുന്ന സ്കൂൾ രണ്ടു സെഷനുകളായി പ്രവർത്തിച്ചു തുടങ്ങി. ഈ സ്ഥിതി വളരെ വർഷങ്ങൾ നീണ്ടുനിന്നു. ഈ സ്കൂളിലെ 5, 6 ,7 സ്റ്റാൻഡേർഡുകൾ അടുത്തുള്ള ഗവൺമെൻറ് എൽ പി സ്കൂളിലേക്ക് മാറ്റിയതോടുകൂടി 1999ൽ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞു. 2000ത്തിൽ ഇതൊരു ഹയർ സെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടു.



1998ൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ജനകീയസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർ സെക്കൻഡറി വിഭാഗത്തിനുവേണ്ടി ഒരു ഇരുനില കെട്ടിടം പണിതു നൽകി. അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീ. ഇ.ടി. ഉണ്ണിയുടെ ശ്രമഫലമായിട്ടാണ് ഈ കെട്ടിടം സ്കൂളിന് ലഭിച്ചത് .

പിന്നീട് മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് മൂന്ന് കോൺക്രീറ്റ് കെട്ടിടങ്ങൾ കൂടി പണിഞ്ഞതിനാൽ ഇപ്പോൾ ക്ലാസ് മുറികൾ ആവശ്യത്തിനുണ്ട് . സ്കൂളിന്റെ പുരോഗതിയിൽ ഗണ്യമായ പങ്കു വഹിയ്ക്കുവാൻ കാലാകാലങ്ങളിൽ നിലവിലിരുന്ന അധ്യാപക രക്ഷാകർത്തൃ സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട് .

മലയാളമീഡിയം ക്ലാസുകൾക്ക് പുറമേ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ഈ സ്കൂളിൽ



പ്രവർത്തിക്കുന്നു. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവരുടെ കൂട്ടായ ശ്രമഫലമായി പരീക്ഷകളിൽ വളരെ ഉയർന്ന വിജയശതമാനം നേടുവാൻ ഈ സ്കൂളിന് കഴിയുന്നുണ്ട്. അതിനാൽ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. രണ്ട് ഏക്കറോളം വരുന്ന കളിസ്ഥലം ഈ സ്കൂളിന്റെ വലിയ മുതൽക്കൂട്ടാണ്.

2008 മുതൽ ഇവിടെ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി വളരെ കാര്യക്ഷമമായി നടന്നുവരുന്നു. ഇതിനായി മലപ്പുറം ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഒരു പാചകപ്പുര – സ്റ്റോർ മുറിയോടു കൂടി പണികഴിപ്പിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് പുറമേ എസ്. എസ്. എയുടെ ധനസഹായവും പല പ്രവർത്തനങ്ങൾക്കും



ലഭിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ സ്മാർട്ട് ക്ലാസ് മുറികളോട് കൂടിയ മൂന്നുനില കെട്ടിടം നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, ശാസ്ത്രസാങ്കേതിക ലാബുകൾ, മികച്ച ലൈബ്രറി, വിശാലമായ ഗ്രൗണ്ട് തുടങ്ങിയ നിരവധി അക്കാദമിക സാഹചര്യങ്ങൾ നിലവിലുണ്ട്. എസ് പി സി, ജെ ആർ സി, ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവയുടെ യൂണിറ്റുകളും ഇവിടെയുണ്ട്. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മികച്ച പിന്തുണയുമായി ശക്തമായ ഒരു പിടിഎയും നിലവിലുണ്ട്.



# ഹൈക്കുത്രയം

## പ്രണയം

കുട നിവർത്തുന്നതിനു മുൻപേ
പെയ്തൊഴിഞ്ഞ മഴ...!

## ജീവിതം

നാറാണത്തുഭ്രാന്തന്റെ
കല്ലുരുട്ടൽ പോലെ,
കേറിക്കേറി ഒറ്റ ഇറക്കം..!!

## മരണം

ജീവിതത്തിന്റെ ബസ്സ്റ്റോപ്പിലെ,
ഒടുവിലത്തെ ബസ്സ്...!!!

**നജീബ് പി എം**
**HST മലയാളം**
**ജി എച്ച് എസ് എസ് എടപ്പാൾ**

# What I See and Feel

When I gaze at the grass
I learn many a lesson
It never shows a dejected face
When the sun rays are too hot.

But what does it do ?
It waits for the night
And gets refreshed
When the dewdrops fall on it

When I glance at the leves
They too teach me morals
They never shed themselves
When the wind blows hard

But what do they do
They cling to the branch
And prepare food
With sunlight and water

And when I behold the blossoms
They too teach me something
They shed their fragrance
To the friends and foes nearby.

They dance in the breeze
And never hide their hues
But fill the earth with joy
Amidst the dinand bustle.

Life is a battlefield
Where every living being
compete to survive
And time runs its chariot fast.

Do good to all
And evil to none
That's what the flora
And fona teach us..



Meena Zacharias
H S T English
G H S S Edapal

# സങ്കടക്കടൽ

"കണ്ണാ നീ എങ്ങോട്ടാ പോവുന്നേ...?" അമ്മ അവനോട് ചോദിച്ചു.

എന്നാൽ അവൻ മറുപടിയൊന്നും പറയാതെ ബൈക്ക് എടുത്തു കൊണ്ടു സ്പീഡിൽ അവിടെ നിന്നു പോയി. അമ്മ കണ്ണു തുടച്ചു പറഞ്ഞു.

"എന്തേ എന്റെ കുട്ടി ഇങ്ങനെ ആയി... പണ്ടൊക്കെ എന്റെ മോന് എന്തൊരു സ്നേഹമായിരുന്നു എന്നോട്."

അങ്ങനെ ഓരോന്നു പറഞ്ഞ് അമ്മ അടുക്കളയിലേക്കു നീങ്ങി. വൈകുന്നേരത്തേക്കുള്ള കഞ്ഞി അടുപ്പിൽ നിന്ന് വാങ്ങി വെച്ച് ഉപ്പേരിക്കുള്ള കഷ്ണങ്ങൾ അരിയന്നതിനിടെ അമ്മ വീണ്ടും പഴയ കാര്യങ്ങൾ ഓർത്തു. അമ്മ കണ്ണനെ കുളിപ്പിക്കുന്നതും അവനെ സ്ക്കൂളിൽ വിടുന്നതുമെല്ലാം. അമ്മയെ കാണാതെ അവൻ ഒരു നിമിഷം പോലും ഇരുന്നിരുന്നില്ല. ഇപ്പോ അവന് അമ്മയെ വേണ്ട. ഈ നശിച്ച കൂട്ടുകെട്ടാണ് എല്ലാത്തിനും കാരണം. അവൻ ഇപ്പോൾ ലഹരിക്ക് അടിമയായിരിക്കുന്നു. കള്ളു കുടിച്ച് കഞ്ചാവ് വലിച്ച നടക്കുന്ന അവനെ കാണുമ്പോൾ സങ്കടം സഹിക്കാൻ കഴിയുന്നില്ല. ഇനി എങ്ങനെ അവനെ ഒന്നു നേരെയാക്കും...... ഇങ്ങനെ ഓരോന്ന് ആലോചിച്ച് അമ്മ കണ്ണീർ വാഴ്ത്തി. അപ്പോഴാണ് ഉമ്മറത്ത് നിന്ന് ശബ്ദം കേട്ടത്.

"എന്താ ദേവൂ നീ സ്വപ്നം കാണുകയാണോ...?"

"ആരാ അത് ...?" അമ്മ ചോദിച്ച.

"ഞാനാ...തെക്കേലെ ദിവാകരൻ ആണ്."

"ദിവാകരേട്ടാ...ഞാൻ കണ്ണന്റെ കാര്യം ഓർത്ത് ഇരിക്കാർന്നു. അവൻ ആകെ നശിച്ചു. എന്റെ മോൻ ചീത്തയായി."
പെട്ടെന്നാണ് ഫോണിന്റെ ബെല്ലടി കേട്ടത്.

"നിങ്ങൾ ഇരിക്കൂ ദിവാകരേട്ടാ.. ഞാൻ ഫോൺ എടുക്കട്ടെ." അമ്മ ഫോൺ എടുത്തു.

"കണ്ണന്റെ വീടല്ലേ .... ഞങ്ങൾ ടൗണിൽ നിന്നാണ് വിളിക്കുന്നത് . കണ്ണന്റെ വണ്ടി ഇടിച്ചു."
കണ്ണൻ മരിച്ചു. എന്നായിരുന്നു അവർ പറഞ്ഞത്.

"അയ്യോ എന്റെ മോനേ................................................"

ശിവ നവീഷ്
10J

# പ്രകൃതി

കാലം പണി തീർത്ത കൊച്ചു നാട്,
ഭാഷാസ്നേഹികൾ വാഴും കൊച്ചുനാട്.
എന്റെ കേരളനാടിന്റെ ഭൂതലവും,
പ്രകൃതി കനിഞ്ഞൊരു ഭൂതലവും,
കൊച്ചു പച്ചവിരിച്ചൊരു മലനാട്.
ഔഷധസസ്യത്താൽ സമൃദ്ധിയായ് വാഴുന്ന-
ഔഷധിയായൊരു മലനാട്.
കളകളമൊഴുകുന്ന പുഴകളും,
കൊച്ചുകുട്ടികൾ തിമിർക്കുന്ന കുളങ്ങളും,
നീർച്ചാലുകൾ പോലുള്ള തോടുകളും,
നിറഞ്ഞുല്ലസിക്കുന്നൊരു മലനാട്...
ഇത്ര സവിശേഷമായൊരു ഭൂതലം
അക്രമാസക്തമായ് മാറിടുന്നു.
കനിവും ദയയും ഇല്ലാത്ത മാനുഷർ
പ്രകൃതിയെ മൊത്തമായ് പിച്ചിച്ചീന്തി.
കുന്നിനൊപ്പം കൂമ്പാരമായി
ചപ്പുചവറുകൾ കുമിഞ്ഞിടുന്നു....



ശ്രീനന്ദ ഇ
10J

# എൻമകജെ

പാരിസ്ഥിതിക പ്രശ്നങ്ങൾ പരിധിയില്ലാതെ പെരുകുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. എൻഡോസൾഫാൻ എന്ന വിഷപ്രയോഗത്തിന്റെ പരിണിതഫലങ്ങൾ ഒരു ജനതയെ എപ്രകാരമെല്ലാം വേട്ടയാടുന്നു എന്ന് എൻമകജെ ദൃഷ്ടാന്തീകരിക്കുന്നു. എൻമകജെ എന്നത് ഒരു നാടിന്റെ പേരാണ്. ഈ നോവൽ മുന്നോട്ടുപോകുന്നത് ഒരു പുരുഷന്റെയും സ്ത്രീയുടെയും സാന്നിധ്യത്തിലാണ്. മനുഷ്യരുമായി സമ്പർക്കം ഇല്ലാത്ത അവർക്കിടയിലേക്ക് ഒരു കുഞ്ഞ് കടന്നുവരുന്നു. കുഞ്ഞിന്റെ ദേഹമാസകലം പുണ്ണ്. ചികിത്സിച്ചു മാറ്റാം എന്ന തീരുമാനത്തിൽ എത്തുന്ന അവർ നാട്ടുവൈദ്യനായ പഞ്ചിയെ സമീപിക്കുന്നു. കുഞ്ഞിന്റെ രോഗം ചികിത്സിച്ച് മാറ്റാൻ കഴിയില്ലെന്നും ഇത്തരത്തിൽ മാറാരോഗങ്ങളും അവശരുമായ ജനങ്ങൾ ഇനിയും ഉണ്ടെന്ന് അവർ മനസ്സിലാക്കുന്നു. നീലകണ്ഠനും ദേവയാനിയും പിന്നീട് എൻമകജെ യും പ്രതീക്ഷയായി മാറുന്നു.

എൻമകജെയിലും അടുത്ത പ്രദേശങ്ങളിലും വ്യാപിച്ചുകിടക്കുന്ന കശുമാവിൻ തോട്ടങ്ങളിൽ ഇല്ലാത്ത തേയിലപ്പുഴുവിനെ നശിപ്പിക്കാൻ പെയ്തിറങ്ങിയത് എൻഡോസൾഫാൻ എന്ന മാരക വിഷമാണ്. അതിനെതിരെ നടത്തുന്ന സമരങ്ങളിൽ നീലകണ്ഠനും ദേവയാനിയും, ശ്രീരാമനും, ഡോക്ടർ അരുൺ കുമാറും, ജയരാജനും എല്ലാം ഉൾപ്പെടുന്ന നന്മ നിറഞ്ഞ കഥാപാത്രനിര പരാജയപ്പെടുന്നു. എന്നാൽ പകൽ രക്ഷകരായും രാത്രിയിൽ ക്രൂരനായും എത്തുന്ന, നേതാവ് എന്ന് വിശേഷിക്കപ്പെടുന്ന കഥാപാത്രം എൻഡോസൾഫാന്റെ കാര്യത്തിൽ എൻമകജെയിൽ വിജയിക്കുന്നു. ആരെന്നും ഏതെന്നും അറിയാത്ത പുരുഷനിലും സ്ത്രീയിലും നിന്ന് ആരംഭിക്കുന്ന ഈ നോവൽ ജീവിതക്കാഴ്ചകളെ വായനക്കാരന് കാണിച്ചുകൊടുക്കുന്നു. യാഥാർഥ്യത്തിൽ അധിഷ്ഠിതമായ അനുഭവങ്ങളെ നേർക്കാഴ്ചകളാക്കി അവതരിപ്പിക്കുന്ന അംബികാസുതന്റെ നോവലിൽ ഭാവനയെക്കാൾ കൂടുതൽ യാഥാർത്ഥ്യബോധവും സാമൂഹിക പ്രതിബദ്ധതയും ആണെന്ന് എൻമകജെ അടയാളപ്പെടുത്തുന്നു. മണ്ണും മനുഷ്യനും പരസ്പരപൂരകമാവേണ്ടതിന്റെ ആവശ്യം എൻമകജെ പങ്കുവയ്ക്കുന്നു. കാഴ്ചകളുടെ നേരിട്ടുള്ള വിവരണത്തെക്കാളേറെ അവയെ ഭാവനാപരമായി അവതരിപ്പിക്കാനും, ജീവനുള്ളതും അല്ലാത്തതുമായ നൊമ്പരങ്ങളെ അതേപടി പകർത്താനും കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്.





ദേവമിത്ര പി കെ
10B

# MY DREAM

In the days of summer sun and glow

The young would frolic
Filled with unwavering hope
The hearts were filled with glow so bright
I laugh with glee wandering hand in hand
Yet little did i know the world
Of it's dark heart the cruelty unfurled
I gaze upon the sky with wonder
I see the sun but not the storm
As i wait for the spring at the end of the winter
My dreams were my youth
Oh youth, foolish yet happy
Beauty like a balm to pain
In the woods of green and brown
I find my solace and set them down
There, i forget my sorrow's sting
As i let the wings of dream sing



Nedha T
9E

# പഴഞ്ചൊല്ലുകൾ

മിന്നുന്നതെല്ലാം പൊന്നല്ല.

തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കരുത്.

തെളിച്ച വഴിയേ പോയില്ലെങ്കിൽ പോകുന്ന വഴിയെ തെളിക്കുക.

തേടിയ വള്ളി കാലിൽ ചുറ്റി.

നനയുന്നിടം കുഴിക്കരുത്.

നാടോടുമ്പോൾ നടുവെ ഓടണം.

നെല്ലും പതിരും തിരിച്ചറിയണം.

പട്ടി ഒട്ടും പുല്ലു തിന്നുകയുമില്ല പശുവിനെ ഒട്ടും തീറ്റിക്കുകയുമില്ല.

കാലത്തിനൊത്ത് കോലം കെട്ടണം.

കാള പെറ്റു എന്നു കേൾക്കുമ്പോൾ കയർ എടുക്കരുത്.

കുന്തം പോയാൽ കുടത്തിലും തപ്പണം.

കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ.

ഗതി കെട്ടാൽ പുലി പുല്ലും തിന്നും.

ചക്കരക്കുടത്തിലേ ഉറുമ്പരിക്കൂ.

ചക്കിനു വച്ചതു കൊക്കിനു കൊണ്ടു.

മിത്ര വി വി
8H

# ഒടുവിൽ ഞാൻ മാത്രം ബാക്കിയാവുന്നു

ബസ്സിലെ സൈഡ് സീറ്റിൽ
പാതിയടഞ്ഞ കണ്ണുകളോടെ
വറ്റിയ നിളയെ
നോക്കിയിരിക്കവേയാണ്
പ്രണയം വന്നെന്നെ തോണ്ടി
വിളിച്ചത്....

നിന്നോടൊപ്പം നടന്ന
ഇടവഴികളിലൂടെ
അവളെന്നെ കൈ പിടിച്ച് നടത്തി,
വേലിക്കരികിലെ ചെമ്പരത്തിയിറുത്ത്
എന്റെ ചെവിയിൽ തിരുകി,
പെരുമഴയിലെന്നെ നിന്നോട്
ഒരു കുടക്കീഴിൽ ചേർത്തു നടത്തി.

കടൽക്കരയിലപ്പോഴും മായാത്ത
അചുംബിതമായ നമ്മുടെ
കാൽപ്പാടുകൾ കാട്ടിത്തന്നു.
എന്റെ മൺവീട് ആരുടെയോ
കാലടികളാൽ
ശാപമോചിതയായിരുന്നു...

ഇന്നോളം ഞാൻ കാണാത്ത;
നിന്റെ കിനാക്കൾ അടവെച്ച
പുഴക്കരയിലേക്ക്
അവളെന്നെ
വലിച്ചോടുകയായിരുന്നു
ആ കൽപ്പടവിലെ നേർത്ത നിലാവിൽ
ഞാൻ
മുടിയഴിച്ചുലയും കാറ്റായി...
അരൂപിയാം ഗന്ധർവ്വനെനിക്കായി
പാലപ്പൂക്കൾ ഉതിർത്ത്
മാല ചാർത്തി.

അനൽപ്പമായ പ്രണയത്താൽ
ഞാൻ പെയ്തു കൊണ്ടേയിരുന്നു...
വലംകാലിലെ ചങ്ങല
ബലിക്കല്ലിലുരഞ്ഞ്
ചോര പൊടിഞ്ഞുകൊണ്ടേയിരുന്നു...

ഒടുവിലവളെ തട്ടിമാറ്റി
ഞാൻ പിന്തിരിഞ്ഞോടി
പരുപരുത്ത പതിവുകളുടെ
പകലിരവുകളിലേക്ക്.....

സുബീന പി പി
HST Malayalam
GHSS Edapal

# A Nightmare

I was standing alone.... I didn’t know what to do. I was surrounded by humanoids and robots. I was the last human on earth. It had happened what everyone feared. The world is now under the control of robots and AI. They started to destroy humans one by one. They killed my family, my friends and everyone l knew. There is nothing green left in this world. It is surrounded by big buildings instead. There was not a single plant left. I knew they were coming for me.

I didn’t know how much time I had left. I thought about the current situation of the whole world. No humans did any work. There were humanoids for that. And the technology reached the top because of AI. The forests were cut down to build so many buildings. Because there is no forest. It was hard to find any type of creatures. All had disappeared. Without the trees rain also stopped. So many people died because they couldn’t get a single drop of water. Many people had died because of global warming too. I don’t knew how I had survived. But I can’t stay much longer. I have no food, no water and no one with me. The government found out that I was only one left and sent me letter. It said they are coming for me. I understood that the ‘they’ said was the robots. There were so many ways with which I could die. Maybe I will die because of hunger and living without drinking water or I will die because of global warming. And the last way was to get killed by robots. I was living in a nightmare.

Out of fear I stepped out of my house and ran. I ran with all the might I had. I had to hide somewhere they couldn't find me. I didn't know why I was doing this. I am the last person on earth. But something inside me told me that l cannot leave earth like this. It used to be full of green, blue. Now I cannot even see a bit of this colour. I had to save earth. I didn’t know how I was going to do this single handedly. But I don’t stop. I hide in the nearest house that I could find.

I started to think again. How useful these robots and AI was. Everyone was amazed by their technology. But no one knew it could be the end of their lives. But step by step it started to take over everything. Suddenly it came to mind. What is the reason to hide? They are robots… not humans. Using their intelligence and how much the technology had grown they can find me in a second with their tracker. All my hope had lost.

I got up from the place. I stepped out of the house. I thought again that a technology world was everyone's dream. But no one had ever thought that it can turn into nightmare. But we cannot put the blame on the robots. The real people behind all these works is human. Humans cut down trees and forests to build the buildings. They are the reason for global warming. We are the one who made robots. None of us ever heard when others said the dream land in our mind could turn into a nightmare for the earth. I was ready. The robots can take me. At last they came. They were standing opposite me. They came closer and closer. They were going to get me.

Suddenly I woke up. What had just happened. I jumped out of the bed and looked through the window. Every thing was back in place. There were people, trees and there were no robots. That's when it hit me. It was a dream ……not a good dream, but a nightmare which showed the truth that was going to happen if we do not protect the earth. Having technology is great but over use of it is not good. It is a nightmare but it can be reality if we do not take the problem seriously. Nightmares can be scary. The nightmare I had just made the reality that may happen.

PRANITHA A R
9A

# റോസാപ്പൂ

ചക്കിയുടെ വീട്ടിൽ വിവിധങ്ങളായ ഇരുപതോളം പൂക്കളുണ്ട്. അതിലെ രണ്ട് ചെടികളായ മുല്ലയുടെയും റോസിന്റെയും കഥയാണ് ഇതിൽ ഉൾപ്പെടുന്നത്. അവരാണ് ഈ കഥയിലെ മുഖ്യകഥാപാത്രങ്ങൾ.

"ഹേയ് മുല്ലേ.... നീ അറിഞ്ഞോ...നാളെയാണ് ചക്കി അവളുടെ അമ്മയുടെ വീട്ടിൽ നിന്ന് വരുന്നത്."

"ഹാ റോസാ... എനിക്കറിയാം. എന്നോട് ചെമ്പരത്തി പറഞ്ഞു."

"അതെയോ.... ഞാൻ ഇന്നലെ അമ്മ പറഞ്ഞത് കേട്ടതാ. എത്ര മാസങ്ങൾക്ക് ശേഷമാ അവൾ വരുന്നതെന്നോ..."

"അതിന് ഇതിനു മുൻപ് നീ ചക്കിയെ കണ്ടിട്ടുണ്ടോ...?"

"റോസാ..ഇല്ല എങ്കിലും എന്റെ മുത്തച്ഛൻ പറഞ്ഞ് എനിയ്ക്കറിയാം. ചക്കിയെ കാണാൻ എന്ത് രസമാണെന്നോ... മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന അവൾക്ക് തീരെ നീളമില്ല, എങ്കിലും വെളുത്ത് തടിച്ച് കണ്ണെഴുതി പൊട്ട് കുത്തി, മുട്ടോളം മുടിയായി ...ഒരു സുന്ദരിക്കുട്ടി. ഓ...എന്റെ റോസാ....എനിക്ക് ഇപ്പൊത്തന്നെ ചക്കിയെ കാണാൻ കൊതിയാവുന്നു."

"എനിക്കും....അതിനെന്താ നാളെ അവളിങ്ങ് വരുമല്ലോ...അപ്പൊ കാണാം...."

"അല്ല റോസാ...ഇത്രയും നാൾ മാമന്റെ വീട്ടിലായിരുന്ന അവൾ പെട്ടെന്ന് ഇങ്ങോട്ടേക്ക് വരാനുള്ള കാരണം...?"

"അത് പിന്നെ മുല്ലേ....ഈ കൊറോണ വന്നപ്പൊ സ്കൂൾ അടച്ചില്ലേ....അപ്പൊ നിൽക്കാൻ പോയതാ അവൾ.....പിന്നെ ലോക്ഡൗണായി. അപ്പൊ അവളവിടെയങ്ങ് കൂടി. ഇപ്പൊ സ്കൂൾ തുറക്കാൻ പോവുകയല്ലേ....അപ്പോൾ വരികയാണ്..."

"ഓ...അങ്ങനെയാണല്ലേ....നേരം നാലുമണിയായല്ലോ...അമ്മ ഇപ്പൊ വരും...നമുക്ക് വെള്ളം തരാനായി..."

"ശരിയാണല്ലോ മുല്ലേ...ഈ അമ്മയെ കാണാൻ ഇല്ല."

കുറച്ച് സമയം കഴിഞ്ഞ് അമ്മ വന്നു. അവർക്ക് വെള്ളം ഒഴിച്ച് കൊടുക്കുകയും ചെയ്തു. നേരം ഇരുട്ടായി. മുല്ലച്ചെടിയിൽ ഒരു മുല്ലപ്പൂവും വിരിഞ്ഞു. നേരം വെളുത്തു.

"ഹേയ് മുല്ലേ... നീ എഴുന്നേറ്റോ....?"

"പിന്നേ... ഞാൻ എപ്പഴേ എഴുന്നേറ്റു റോസാ....നീ മറന്നോ...ചക്കി ഇപ്പൊ ഇങ്ങെത്തും..."

"ഇല്ല, മുല്ലേ... ഞാൻ മറന്നിട്ടില്ല. ഹാ...ഇപ്പൊ വരും അവൾ"

കുറേ നേരം കഴിഞ്ഞിട്ടും ചക്കി എത്തിയില്ല.

"മുല്ലേ ...ചക്കിയെ ഇതുവരെ കാണാനില്ലല്ലോ.....! അവൾ ഇനി വരില്ലേ...?"

റോസ പറഞ്ഞു, "ഹേയ് അവൾ വരും, നീ പ്രതീക്ഷ കൈവിടല്ലേ. ഹാ...നമുക്ക് നോക്കാം."

നേരം സന്ധ്യയാകാറായപ്പോൾ അവരുടെ വീടിനു മുൻപിൽ ഒരു കാർ വന്ന് നിർത്തി. ആകാംക്ഷയോടെ റോസും മുല്ലയും മറ്റു പല ചെടികളും നോക്കി നിന്നു. വലിയൊരു ബാഗും തൂക്കി ചക്കിയും പിറകെ അമ്മാവനും ഇറങ്ങി. അമ്മയെ കണ്ടതും അവൾ ഓടിപ്പോയി കെട്ടിപ്പിടിച്ചു. വേഗം അകത്തേക്കു

പോയി. അവരെ ഒന്ന് നോക്കുക കൂടി ചെയ്തില്ല. അവർക്ക് വല്ലാതെ വിഷമമായെങ്കിലും ചക്കി ഇവിടെ ഇനി എന്നും ഉണ്ടാകുമല്ലോ എന്നോർത്ത് അവർ ആഹ്ളാദിച്ചു. അമ്മാവനു നേരെ ചായയും മറ്റ് പല പലഹാരങ്ങളും അമ്മ വച്ച് നീട്ടി. കുറച്ചു നേരം അവിടിരുന്ന് അമ്മാവൻ അച്ഛനോടും, അമ്മയോടും ചക്കിയോടും യാത്ര പറഞ്ഞുപോയി. നാളെ ചക്കി അവരെ കാണാനെത്തുമെന്ന പ്രതീക്ഷയിൽ അവർ സന്തോഷിച്ചു. നേരം വെളുത്തു. പിറ്റേന്ന് സ്കൂളിൽ പോവാൻ ഒരുങ്ങുന്ന ചക്കിയെ കണ്ടാണ് പല പൂക്കളും ഉണർന്നതെങ്കിലും റോസും മുല്ലയും അതിരാവിലെ ഉണർന്നിരുന്നു.

ഉമ്മറപ്പടിയിലിരുന്ന് നനഞ്ഞ മുടിയിലെ കെട്ടൊക്കെ തീർക്കുന്ന നേരമാണ് അവൾ ഞങ്ങളെ നോക്കുന്നത്.
ഞങ്ങളെ നോക്കി ചെറുപുഞ്ചിരിയോടെ അവൾ അകത്തേക്ക് നടന്നു. അവരും പരസ്പരം ചിരിച്ചു. പോകാൻ നേരമായപ്പോൾ അവൾ ആ പൂക്കളുടെ അടുത്തേക്കു ചെന്നു. നേരെ വരുന്ന അവളെക്കണ്ട് പൂക്കൾ വല്ലാതെ ആഹ്ലാദിച്ചു. തന്നെ തലോടാൻ വന്നതായിരിക്കുമെന്നു കരുതിയ ഭംഗിയാർന്ന ആ റോസാപ്പൂവിനെ അവളങ്ങ് പറിച്ചെടുത്തു. അവൾ ആ പൂവ് തലയിൽ ചൂടി സ്കൂളിലേക്കു നടന്നു. ആത്മാർത്ഥ സുഹൃത്തിന്റെ വേർപാട് മുല്ലയെ വല്ലാതെ തളർത്തി.

വൈകുന്നേരം ക്ലാസ്സ് കഴിഞ്ഞ് ചക്കി വീട്ടിലെത്തി. ഉമ്മറത്തു നിന്ന് മുടിയഴിച്ച അവൾ തലയിൽ ചൂടിയ ആ റോസാപ്പൂവ് വലിച്ചെറിഞ്ഞു. വാടിയ ആ റോസാപ്പൂ ചെന്നുവീണത് മുല്ലയുടെ അടുക്കൽ ആയിരുന്നു. റോസാപ്പൂ മുല്ലയെ നോക്കി ഒന്ന് കണ്ണുചിമ്മി. തന്റെ സുഹൃത്തിനെ കണ്ട മുല്ല നിസ്സഹായതയോടെ നോക്കി.

അവൾ മെല്ലെ വിതുമ്പി.

---

നിവേദ്യ പി പി
10H

# നിർമ്മിതബുദ്ധിയുടെ കാലത്തെ മനുഷ്യജീവിതം



തന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി പല പുരോഗമനപരമായ പ്രവർത്തനങ്ങളിലും മനുഷ്യൻ ഏർപ്പെട്ടിട്ടുണ്ട്. തന്റെ ശാരീരികവും മാനസികവുമായ ജോലിഭാരം കുറക്കാനായിപല നവീന സാങ്കേതികവിദ്യകളും മനുഷ്യൻ കണ്ടെത്തിയിട്ടുണ്ട്. അതിൽ പല സാമൂഹിക, സാമ്പത്തിക, ശാസ്ത്ര കണ്ടുപിടിത്തങ്ങളും വലിയ വിപ്ലവങ്ങൾക്കും കാരണമായിട്ടുണ്ട്. അതിൽ തന്റെ ബൗദ്ധികാധ്വാനത്തെ ലഘൂകരിക്കുന്നതിനായി മനുഷ്യൻ കണ്ടെത്തിയ ഒരു അത്യാധുനിക സാങ്കേതികവിദ്യയാണ് നിർമ്മിതബുദ്ധി അഥവാ കൃത്രിമബുദ്ധി. നിർമ്മിതബുദ്ധിയുടെ ഉപയോഗം മനുഷ്യജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുമെന്ന് വിദഗ്ദർ അഭിപ്രായപ്പെടുന്നു.

പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ കൃത്രിമമായി നിർമ്മിച്ചെടുത്ത ബുദ്ധിയാണ് നിർമ്മിതബുദ്ധി. ഒരു മനുഷ്യമസ്തിഷ്കത്തിന്സാധ്യമായതുംഒരുപക്ഷേസാധ്യമല്ലാത്തതുമായ പ്രവർത്തനങ്ങൾ നിർമ്മിതബുദ്ധിക്ക് ചെയ്യാൻ സാധിക്കും. കഥയെഴുതുക, ചിത്രം വരയ്ക്കുക എന്നിങ്ങനെ മനുഷ്യബുദ്ധിക്ക് മാത്രം സാധ്യമെന്നു വിലയിരുത്തപ്പെട്ട ക്രിയാത്മകമായ പ്രവർത്തനങ്ങൾ പോലും നിർമ്മിതബുദ്ധിക്ക് അനായാസമായി ചെയ്യാൻ സാധിക്കും. ഇത്തരത്തിൽ പറഞ്ഞുതീർക്കാൻ സാധിക്കാത്തവിധം നീണ്ടുകിടക്കുന്ന തീർത്തും മനുഷ്യനുമാത്രം സാധ്യമെന്ന് അവൻ അഹങ്കരിച്ച ക്രിയകളിലുമേർപ്പെടാൻ നിർമ്മിതബുദ്ധിക്ക് സാധിക്കും. ഇത്തരത്തിൽ മനുഷ്യനേക്കാൾ പ്രവർത്തനശേഷിയുള്ള കൃത്രിമബുദ്ധിയെ വികസിപ്പിച്ചതും മനുഷ്യനാണെന്ന വസ്തുത ഏറെ രസകരമാണ്. ഇതിൽ നിന്നും മനുഷ്യന്റെ എല്ലാ തരത്തിലുമുള്ള ജോലിഭാരം ലഘൂകരിക്കാനുള്ള തീവ്രമായ ആഗ്രഹം വ്യക്തമാകുന്നു.


ഭാവിയിൽ നിർമ്മിതബുദ്ധി കൊണ്ട് മനുഷ്യജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാവുമെന്നത് സുനിശ്ചിതമായ വസ്തുതയാണ്. മുൻനിരയിലുള്ള പല ഭീമൻ ടെക് കമ്പനികളും നിർമ്മിതബുദ്ധി പലപ്രദമായി പ്രയോജനപ്പെടുത്താൻ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സംശയം മാറ്റിത്തരുന്ന ചാറ്റ് ബോട്ടുകളും, നമ്മുടെ നിർദ്ദേശമനുസരിച്ച് സാഹിത്യരൂപങ്ങളും ചിത്രങ്ങളും ഉണ്ടാക്കിത്തരുന്ന ചാറ്റ്ബോട്ടുകളും നിലവിൽ വന്നിരിക്കുന്നു. പല കമ്പനികളും തങ്ങളുടെ പരസ്യങ്ങൾ നിർമ്മിക്കാൻ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നു. പല വിവരവിനിമയ സാങ്കേതികവിദ്യാവിദഗ്ദരും ഉപദേശങ്ങൾക്കായി നിർമ്മിതബുദ്ധിയെ ആശ്രയിക്കുന്നു. എന്തിനേറെ പറയുന്നു തങ്ങളുടെ പാഠഭാഗങ്ങൾ കൃത്യമായി മനസ്സിലാക്കാൻ പല വിദ്യാർത്ഥികളും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. ഭാവിയിൽ ഒരു പക്ഷേ നിർമ്മിതബുദ്ധി തയ്യാറാക്കിയ ചലച്ചിത്രങ്ങൾ

പോലും പ്രദർശനത്തിന് എത്തിയേക്കാം. മനുഷ്യന് എപ്പോഴും അന്യമായ പ്രപഞ്ചരഹസ്യങ്ങളും ഈ സാങ്കേതികവിദ്യയുപയോഗിച്ച് കണ്ടെത്തിയെന്നും വരാം. ഭൂമി വിട്ടുള്ള യാത്രകളിൽ മനുഷ്യന് കൈത്താങ്ങായി നിർമ്മിതബുദ്ധി പ്രയോജനപ്പെട്ടേക്കാം. പല ജോലികളിലേയും കൃത്യത ഉറപ്പാക്കാനും ഈ സാങ്കേതികവിദ്യ ഉപയോഗിച്ചേക്കാം. ഇങ്ങനെ ചിന്തിക്കുമ്പോൾ ഈ സാങ്കേതികവിദ്യയ്ക്ക് അനന്തവും വിശാലവുമായ സാധ്യതകളുണ്ടെന്ന് മനസ്സിലാക്കാം.

എല്ലാ സാങ്കേതികവിദ്യയ്ക്കും അനന്തമായ സാധ്യതകൾക്കൊപ്പം എണ്ണിയാലൊടുങ്ങാത്ത അപകടങ്ങളും കൂട്ടിനുണ്ടാകും. നിർമ്മിതബുദ്ധിയുടെ കാര്യവും അതിൽനിന്ന് വ്യത്യസ്തമല്ല. മനുഷ്യവംശത്തെ ഇല്ലാതാക്കാനുള്ള അതിമാരക പ്രഹരശേഷിയുള്ള ആയുധത്തെയാണ് മനുഷ്യൻ സ്വന്തം കൈകൾ കൊണ്ട് ഉണ്ടാക്കിയെടുത്തത്. ലോകജനതയെ ഭീതിയിലാഴ്ത്തുന്ന ഒരു അപകടമാണ് തൊഴിലില്ലായ്മ. നിർമ്മിതബുദ്ധിയുടെ ഉപയോഗം മനുഷ്യരുടെ തൊഴിലുകൾ വ്യാപകമായി ഇല്ലാതാക്കുമെന്ന് വിലയിരുത്തപ്പെടുന്നു. പ്രധാനമായും ബൗദ്ധികമായതും ക്രിയാത്മകത ആവശ്യമായതുമായ ജോലികൾ മനുഷ്യർക്ക് നഷ്ടപ്പെടാൻ ഇതു കാരണമായേക്കാം. നിർമ്മിതബുദ്ധിയാൽ പ്രവർത്തിപ്പിക്കുന്ന യന്ത്ര അധ്യാപകർ വിദ്യാലയങ്ങളെ കീഴടക്കും. നിർമ്മിതബുദ്ധി നിമിഷ നേരം കൊണ്ട് വിവിധ കലാരൂപങ്ങൾ മനുഷ്യനിർമ്മിതമെന്ന വിധത്തിൽ കുറഞ്ഞ ചിലവിൽ നിർമ്മിക്കുന്നതിനാൽ കലാകാരൻമാരുടെ ആവശ്യകത ഇല്ലാതാകും. പല അമാനുഷികമായ കഴിവുകളും സ്വായത്തമായതിനാൽ നിർമ്മിതബുദ്ധി സാമൂഹികവിരുദ്ധർക്കും കുറ്റവാളികൾക്കും ഉപകാരപ്രദമാകും. സമീപകാലത്ത് ആൾമാറാട്ടം പോലുള്ള പല കുറ്റകൃത്യങ്ങളും നിർമ്മിതബുദ്ധി ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. മാത്രമല്ല നിർമ്മിതബുദ്ധിയുടെ അമിതോപയോഗം വിദ്യാർത്ഥികളിലും മറ്റും അനാരോഗ്യകരമായ ശീലങ്ങൾ വളർത്തും. ക്രിയാത്മകത നഷ്ടപ്പെടൽ, യാന്ത്രികമായ ജീവിതം തുടങ്ങിയവ മനസ്സിനേയും, പൊണ്ണത്തടി പോലെയുള്ള രോഗങ്ങൾ ശരീരത്തെയും അതീവ ഗുരുതരമായ മുരടിപ്പിന് വിധേയമാക്കും. സ്വന്തം ശരീരവും മനസ്സും ഉപകാരമില്ലാതായി മാറുന്ന അവസ്ഥയിലേക്കും മനുഷ്യനെ ഇത് നയിച്ചേക്കാം. മനുഷ്യരാശിയെത്തന്നെ ഭയചകിതരാക്കുന്ന ഒരു അപകടവും ഈ സാങ്കേതികവിദ്യയ്ക്കുണ്ട്. മനുഷ്യനിർമ്മിതമായ നിർമ്മിതബുദ്ധി മനുഷ്യരെത്തന്നെ ഇല്ലാതാക്കുകയോ അടിമപ്പെടുത്തുകയോ ചെയ്യുമെന്ന അതിയായ ആശങ്ക മൂലം പല സാങ്കേതികവിദഗ്ദരും രാജ്യങ്ങളും സംഘടനകളും നിർമ്മിതബുദ്ധിയോട് അകലം പാലിക്കുന്നു. മനുഷ്യരേക്കാൾ ശേഷിയുള്ള ഈ സാങ്കേതികവിദ്യ മനുഷ്യരെ ഭരിക്കുക എന്നത് അസാധ്യമായ ഒരു അവസ്ഥയല്ല. ഇത് പ്രമേയമായ പല ചലച്ചിത്രങ്ങളും ഇന്ന് അവതരിപ്പിക്കപ്പെടുന്നുണ്ട്.

എണ്ണിയാലൊടുങ്ങാത്ത അപകടങ്ങൾ പതുങ്ങിയിരിക്കുന്നുണ്ടെങ്കിലും അവയെ നേരിടുക എന്നത് തന്നെയാണ് സമൂഹത്തിന്റെ ലക്ഷ്യം. എന്തായാലും നിർമ്മിതബുദ്ധിയുടെ കാലത്തെ മനുഷ്യജീവിതം ഒരിക്കലും എളുപ്പമാകില്ല. മറ്റു അപകടങ്ങളെപ്പോലെ ഇതിനേയും നാം അതിജീവിക്കും എന്ന വിശ്വാസമാണ് ലോകജനതയെ മുന്നോട്ട് നയിക്കുന്നത്. നിർമ്മിതബുദ്ധിയുടെ നിയന്ത്രണവും അത് വരുത്തിവയ്ക്കാവുന്ന വിപത്തുകളെക്കുറിച്ചുള്ള ബോധവൽക്കരണവും സാധ്യമാകുന്നതിലൂടെ ആ വിശ്വാസം തകരാതെ സൂക്ഷിക്കാം.

മാധവ് ടി വി
10I



# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ
കൂടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി.....

കാറ്റിനോടു കഥ മെനഞ്ഞും
കടലിനോടു കളി പറഞ്ഞും
കാടായ കാടെല്ലാം, മേടായ മേടെല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ ക്കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി, ചിറകുരുമ്മി
കിലുകിലെ കൊഞ്ചിച്ചിലച്ചും
കിളിക്കൂട്ടിലെന്നോ
കുളിരറിയിക്കാതെ
കവിൾചേർത്തുറക്കിയും
കനിവിന്റെ കനിവാ, മെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ .......

**ആദർശ് എം**

10A

# പട്ടിണി

ചുട്ടുപൊള്ളുന്ന വെയിൽ; സൂര്യൻ തീ നന്നായി തുപ്പുന്നുണ്ട്. സൂര്യന്റെ ഉമിനീര് പോലെ അവളുടെ ശരീരം വിയർത്തൊലിക്കുന്നുണ്ട്. നാളുകൾ എണ്ണിക്കഴിയുകയാണ് ഇവിടത്തെ നാട്ടുകാർ. മഴത്തുള്ളികൾ ചുംബിച്ച നാളുകളോർത്ത് ഭൂമി വിലപിക്കാൻ തുടങ്ങീട്ട് നാളുകളായി. വരൾച്ചയാണ്, വിളവെടുപ്പില്ല, ഭക്ഷണസാമഗ്രികളില്ല. എല്ലാം ഓരോ ദിവസം കഴിയുന്തോറും തീർന്നുകൊണ്ടേയിരിക്കുന്നു. ഈ സമയം തന്നെ ആ ഗ്രാമത്തിലെ ഒരു വീട്ടിൽ ഒരു അമ്മയും മകനും പാർക്കുന്നുണ്ടായിരുന്നു. അടുപ്പ് പുകഞ്ഞിട്ട് നാളുകളായെന്ന് ആ വീടിന്റെ അകത്തളങ്ങൾ കണ്ടാൽ തോന്നും. കാരണം സോപ്പ് കൊണ്ട് കഴുകിയ പാത്രങ്ങളിലെ വെള്ളപ്പാടുകൾക്കെല്ലാം ദാഹമുണ്ട് ഒന്ന് നനയാൻ...അടുക്കളയിൽ എല്ലാം ഉറുമ്പുകളാണ്, ധാന്യമൊന്നും ഇല്ല. വിശപ്പ് ആ നാടിനെ എത്രത്തോളം വടിഞ്ഞുമുറുക്കുന്നുണ്ടെന്ന് ഓരോ മുഖങ്ങളിൽ നിന്നും വ്യക്തമായിരുന്നു. സമ്പന്നരുടേയും അല്ലാത്തവരുടേയും വീട്ടിൽ ഇനി ഏറിപ്പോയാൽ രണ്ട് മാസത്തിനുള്ള ഭക്ഷണമേ കാണൂ. അത് പോലും ഇല്ലാത്തവർ ആ ഗ്രാമത്തിൽ വിശപ്പ് സഹിക്കാൻ വയ്യാതെ ആത്മഹത്യക്ക് ശ്രമിച്ചുകൊണ്ടിരുന്നു. ദിവസവും സൂര്യൻ കണികാണാറ് കയറിന്റെ തുമ്പത്ത് ശരീരം മുഴുവൻ മാന്തി മുറിച്ച്, നാക്ക് പുറത്തിട്ട് വിശപ്പിനെ അതിജീവിച്ചവരുടെ മൃതശരീരങ്ങൾ മാത്രമായിരുന്നു. അങ്ങനെ ജോലി ചെയ്യാൻ ജോലിയും, പണം കൊടുത്തു വാങ്ങാൻ സാധനങ്ങളുമില്ലാത്ത സാഹചര്യത്തിൽ ജീവൻ നിലനിർത്തുക അത്യാവശ്യമായി വന്നു. ഞാൻ കേട്ടതിൽ വെച്ച് ഏറ്റവും മോശമായ ഒരു ഉപദേശം ഒരു അമ്മ തന്റെ മകന് ചൊല്ലിക്കൊടുത്തു. വിശന്ന് വിശന്ന് കരയുന്ന ആ നാടിനെ കൂടുതൽ വിശക്കുംമുമ്പ് കൊള്ളയടിക്കാൻ അവർ തീരുമാനിക്കുന്നു. ആ ഗ്രാമത്തിലെ ഓരോ  വീടും കയറി അവർ മോഷ്ടിക്കാൻ തുടങ്ങി. പൂട്ടിയ പെട്ടികൾക്കുള്ളിൽ വിലപിടിപ്പുള്ള സ്വർണ്ണവും  പണവും എല്ലാം അന്ന് തങ്ങളുടെ ജന്മത്തെ പഴിച്ചു കാണും. അങ്ങനെ ഒരു നാട് മുഴുവനും അവർ കൊള്ളയടിച്ചു. പട്ടിണിയുടെ വീര്യം കൂടി......

മോഷ്ടിച്ചവ എല്ലാം ദൂരെ ഒരു മലയോട് ചേർന്നുള്ള ഗുഹയിൽ കൊണ്ടുവച്ചു. ഇനി കൊള്ളയടിക്കാൻ ഗ്രാമത്തിലെ വേശ്യാലയം മാത്രമാണ് അവശേഷിച്ചത്. ഒരു ഇരുണ്ട രാത്രിയിൽ അവർ അവിടെയും കയറി. കാമം വിശപ്പിനേക്കാൾ വീര്യം കൂടിയതാവാൻ ഒരു വഴിയുമില്ല. എന്നിട്ടും ഒരു അരിമണിക്കുവേണ്ടി ഒരു നാട് മുഴുവൻ വിറളിപിടിച്ച് നടക്കുമ്പോൾ പോലുംഅവർ അവരുടെ ഇംഗിതങ്ങൾക്കു വേണ്ടി വേശ്യാലയത്തിൽ എത്തുന്നു. അവർക്കും പട്ടിണിയുണ്ടായിരുന്നു....വിശപ്പുണ്ടായിരുന്നു. അത് ശമിപ്പിക്കാൻ

കാമം കൊണ്ട് ചതുരംഗം കളിക്കുന്നു. എന്തൊരു വിരോധാഭാസം........! "എനിക്കു വിശക്കുന്നു...വെള്ളം......വെള്ളം... " ഇതൊക്കെ നാട്ടിലെ സ്ഥിരം ശബ്ദങ്ങളായി. മനുഷ്യർ പരസ്പരം സംസാരിക്കുന്നത് കുറഞ്ഞു തുടങ്ങി. ചിരിക്കുന്നത് നിർത്തി. അവർ പരുക്കരും ക്ഷിപ്രകോപികളുമായി. ഭണ്ഡാരപ്പെട്ടിയിൽ ചില്ലറയിട്ടുപോരും പോലെ അമ്മയും മകനും ബാക്കിയിട്ടതും തീർത്തു തുടങ്ങി. ഇതേ സമയം മലക്കു മുകളിൽ അവർ മൂന്നുപേരും സുഭിക്ഷമായി ഭക്ഷിച്ചു ജീവിച്ചു. നാളുകൾ കടന്നുപോയി. പിന്നെപ്പിന്നെ  അവരുടെ ഭക്ഷണസമയവും ചുരുങ്ങാൻ തുടങ്ങി. ജീവിതവും മരണവും സ്വയം തെരഞ്ഞെടുക്കാൻ ഒരു മനുഷ്യനും അവസരം കിട്ടുകയില്ല. ഇനി രണ്ടുപേർക്ക് കഴിക്കാനുള്ള ഭക്ഷണം ആ ഗുഹക്കകത്തില്ല എന്ന് തിരിച്ചറിഞ്ഞ നിമിഷം മുതൽ അവർ മരണവും ജീവിതവും സ്വയം തെരഞ്ഞെടുക്കേണ്ട അവസ്ഥയിൽ എത്തി. ഒരു വശത്ത് തന്റെ അമ്മയാണ് എന്ന മകൻ ചിന്തിച്ചിരിക്കും. അതേ സമയം പത്ത് മാസം താൻ ചുമന്ന് പ്രസവിച്ച മകനെ മരണത്തിന് വിട്ടുകൊടുക്കാൻ ആ അമ്മയും തയ്യാറായില്ല. അമ്മ ഒരു കത്തിയും തോക്കും അവരുടെ മുന്നിൽ വെച്ചു. ജീവിതത്തിൽ ഒരു തീരുമാനം എടുക്കാൻ നമ്മൾ മനുഷ്യർ പൊതുവെ ബുദ്ധിമുട്ടുന്നവരാണ്. ഇവിടെ ഏറ്റവും വലിയ പിരിമുറുക്കങ്ങളുടെ സമയം കടന്നുപോയിക്കൊണ്ടിരുന്നു. ഈ രീതിയിൽ മുന്നോട്ടുപോയാൽ ഭക്ഷണം തീർന്നുപോകും എന്ന് അവർ വേദനയോടെ ഉൾക്കൊള്ളാൻ ശ്രമിച്ചു. മുന്നിൽ ഇരിക്കുന്ന ആയുധങ്ങൾക്കുപോലും ഒരു നിമിഷം കണ്ണ് നിറഞ്ഞു കാണും എന്ന ക്ലീഷേ വരികളിൽ നിങ്ങളെ ഞാൻ നിർത്തുന്നില്ല. അവർക്ക് ഒന്ന് പൊട്ടിക്കരയണമായിരുന്നു. ഇതേ സമയം ആ ഗ്രാമത്തിലെ തെരുവുകൾ ശവങ്ങൾ കൊണ്ടു നിറയാൻ തുടങ്ങി. ഒരു മൃഗം  പോലും ജീവിച്ചിരിപ്പില്ല. എല്ലാത്തിനെയും അവർ തന്നെ കൊന്നുതിന്നു. അഴുക്കുചാലിലെ വെള്ളം കുടിച്ചും, കുളിക്കാതെയും നനക്കാതെയും ഒക്കെ അവർ ഭ്രാന്തൻമാരെപ്പോലെ തോന്നിച്ചു. വിശപ്പു സഹിക്കാൻ നടക്കുന്നവരുടെ എണ്ണവും കുറവൊന്നുമല്ലായിരുന്നു. മരണം കൺമുന്നിൽ നിൽക്കുമ്പോൾ  ഒരു തുള്ളി വെള്ളത്തിനായി യാചിക്കുന്നവന്റെ മുന്നിലേക്ക് സ്വന്തം മൂത്രം വെച്ചു നീട്ടുന്ന ഒരു അച്ഛനെയും മകനെയും ആ തെരുവ് കാണിച്ചു തന്നു. തങ്ങളുടെ വിസർജ്ജനം വരെ ഭക്ഷിക്കുന്ന ഗതിയിലേക്ക് ആ ഗ്രാമം കൂപ്പുകുത്തി.അമ്മയും മകനും തങ്ങളുടെ ഭക്ഷണസമയം പിന്നെയും കുറച്ചു.ഒരു ദിവസം ഒരു തവണയായി അവർ ചുരുക്കി. ബാക്കി സമയങ്ങളിൽ വിശക്കുമ്പോൾ മണ്ണു വരെ തിന്നാൻ തുടങ്ങി.  ഇഴജന്തുക്കൾക്കുള്ള സ്വാദ് അവർ തമാശയായി പറഞ്ഞു തുടങ്ങി.

"അമ്മേ ..., ദാ ഒരു എലിയും പാമ്പും ..അവൻ എലിയെ പിടിക്കാൻ വന്നതാണ്"

"മോനേ, അവൻ ഇര തേടി വന്നതാണ്,പക്ഷേ ഇപ്പോൾ അവർ നമ്മുടെ ഇരകളാണ്."

അമ്മ അവയെ കൊന്ന് മകനു നേരെ നീട്ടി.അവർ അത് ഭക്ഷിച്ചു.വിശപ്പ് കുറച്ച് ശമിപ്പിച്ചു. അവർ മരണത്തെക്കുറിച്ച് പറഞ്ഞു കൊണ്ടിരുന്നു.

"അമ്മേ ,എനിക്കു മരിക്കാൻ പേടിയാണ്."

"എനിക്ക് ഈ അവസ്ഥയിൽ ജീവിക്കാനാണ് പേടി മോനെ...."

അവരിൽ മരിക്കാനുള്ള കാരണത്തെച്ചൊല്ലി ആശയക്കുഴപ്പങ്ങൾ ഉണ്ടായി.

അമ്മേ...ഈയിടയ്ക്ക് ഞാൻ പട്ടണത്തിൽ പോയി ഒരു നാടകം കണ്ടിരുന്നു. വിശപ്പ് ആയിരുന്നു അതിന്റെ ഇതിവൃത്തം. വിശന്ന് വിശന്ന് ഒന്നും ഭക്ഷിക്കാൻ കിട്ടാതെ വന്നപ്പോൾ അവർ പരസ്പരം കൊന്നുതിന്നുന്ന നരഭോജികളെപ്പോലെ പെരുമാറുന്നു. ഇപ്പൊ നമ്മുടെ ഗ്രാമത്തിലുള്ളവരും ഇങ്ങനെ ആയിക്കാണുമോ.......

ആ ഇരുണ്ട ഗുഹക്കകത്ത് നിശബ്ദത തളം കെട്ടിനിന്നു. എന്നിട്ട് അമ്മ മകനോട് ഇങ്ങനെ പറഞ്ഞു. നമ്മൾ വരെ അങ്ങനെ ആയില്ലേ.... പിന്നെ അവർ ആകാതിരിക്കുമോ....എന്ന് പറഞ്ഞ് അവർ കത്തി കയ്യിൽ എടുത്തു. അമ്മ

തന്നെ തിന്നാൻ പോവുകയാണെന്നു കരുതി മകൻ പെട്ടെന്ന് തോക്ക് എടുത്തു.

മോനേ എത്ര നാൾ ഞാൻ ജീവിച്ചിരിക്കുമെന്ന് നല്ല പിടിയില്ല......ഇനി എനിക്ക് മരിക്കാതിരിക്കാൻ ഒരു നല്ല കാരണം നിനക്ക് പറഞ്ഞു തരാൻ കഴിയുമോ.... ഇല്ല നിനക്ക് പറ്റില്ല.

അമ്മ കത്തി തൻെറ കഴുത്തിനു നേരെ പിടിച്ചു.

അമ്മേ...അരുത്.....ഒരു നാൾ മരിക്കുമെന്നറിഞ്ഞിട്ടും പിടിച്ചുപറിച്ചും പണിയെടുത്തും നാം ഇത്ര നാൾ ജീവിക്കാൻ വേണ്ടി പൊരുതിയില്ലേ.....നമുക്ക് അറിയാമായിരുന്നു നമ്മൾ അതിജീവിക്കുമെന്ന്....അതെ ഇനി നമുക്ക് ഇങ്ങനെ ഒന്ന ജീവിക്കാൻ പഠിക്കാം.

അമ്മ മകനെ കുറെനേരം ഒരു ചെറുപുഞ്ചിരിയോടെ നോക്കിനിന്നു. എന്നിട്ട് തൻെറ തുടയിലെ ഇറച്ചി വെട്ടിയെടുത്ത് ഭക്ഷിച്ചു. അറവുശാലയിൽ പട്ടികൾ പച്ച മാംസം കടിച്ചുവലിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. തൻെറ അമ്മ സ്വന്തം മാംസം ഭക്ഷിക്കുന്നത് കണ്ടു നില്ക്കാൻ അവനെക്കൊണ്ട് പറ്റുന്നില്ലായിരുന്നു. ഒരു ഭ്രാന്തനെപ്പോലെ അവൻ അലറി നടന്നു. മകന് ശേഷിക്കുന്ന ഭക്ഷണം കൊടുത്ത് അമ്മ തൻെറ ശരീരം ഭക്ഷിക്കാനും തുടങ്ങി. സൂര്യാസ്തമയങ്ങൾ കണ്ണുചിമ്മിത്തുറക്കുന്ന ലാഘവത്തോടെ കടന്നുപോയി. ചോര വാർന്ന് വാർന്ന് അമ്മ അവശയായി. ഇറ്റിറ്റു വീഴുന്ന മൂത്രം പോലും ദാഹശമനത്തിന് ഉപകരിച്ചില്ല. അന്ന് ആദ്യമായി അമ്മയുടെ രക്തം കുടിക്കുന്ന ഒരു മകനും ഭൂമിയിൽ കാണപ്പെട്ടു. അവൻ മയക്കത്തിലേക്കു വീണു.

തൻെറ ശരീരത്തിലേക്ക് തണുത്ത വെള്ളം സ്പർശിച്ചതും അവൻ ഞെട്ടി എണീറ്റു. ഗുഹക്കകത്ത് മുഴുവൻ വെള്ളം, പുറത്ത് നല്ല മഴയാണ്. അമ്മ തൻെറ കയ്യിൽ എന്തോ മുറുക്കി പിടിച്ചിട്ടുണ്ട്. അനക്കം ഇല്ല. ചോര എല്ലാം കട്ട പിടിച്ചിരുന്നു. അടുത്തുചെന്നുനോക്കിയപ്പോൾ അമ്മ മരിച്ചിരിക്കുന്നു. ആ മുഖത്ത് ഒരു പുഞ്ചിരിയുണ്ട്.....ഒരു പ്രതീക്ഷയുടെ പുഞ്ചിരി. ആയിരം പവിഴമുത്തുകൾ ഭൂമിയെ ചുംബിക്കുന്നതും കണ്ടാണ് അമ്മ പോയത്. അവരുടെ കയ്യിൽ പുതുജീവൻെറ തുടിപ്പുണ്ടായിരുന്നു. മുറുക്കിപ്പിടിച്ച കൈകളിൽ കുറച്ചു വിത്തുകൾ ആയിരുന്നു. ....പ്രതീക്ഷയുടെ വിത്തുകൾ. അവൻ അത് കുഴിച്ചിട്ടു. അത് മുളക്കുമോ എന്നുപോലും അവന് അറിയില്ല. ഇത് ഒരു പക്ഷെ അവൻെറ സ്പഷ്ടമായ ഒരു സ്വപ്നം ആയിരിക്കാം. പക്ഷെ അവൻ പ്രതീക്ഷയിലാണ്. ഇനിയും ജീവിക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ. സത്യത്തിൽ ഇത്രയും പാടുപെട്ട് ജീവിക്കാൻ മാത്രം എന്താണ് ഈ ഭൂമിയിൽ ഉള്ളത്....? വിശപ്പും, പ്രതീക്ഷകളും, സ്വപ്നങ്ങളും.....പിന്നെ ......നീയും......!

**അമീറ തസ്നി**

10H

---

# Mom


*My mother was my first contact after coming into this world. It is so with everyone. She was also my teacher. She taught me to speak and to stand up and walk. She also taught me reading and writing. She is of medium height and my mother does all the household work. She remainss busy throughout the day. She devotes all her care on me. I have two elder sisters who assist my mother in all her works. My mother takes me with her whenever she goes out. I miss her when she is away. My mom cooks very delicious dishes. Sometimes she asks my preferences and prepares for me what I want .*

*Mother works like a machine. She is everywhere attending everybody's needs. She is also tired but never complains. I know how very lucky I am to have a mother like mine. She is my best friend and she is the most beautiful woman in my eyes. My mother is a strong lady. Such mental and emotional strength.*

*I have special respect and admiration for my mother as she is my first teacher who not only teaches the chapter from my books but also shows me the right path to life. She cooks food for us, takes proper care of each member of the family. My mother is a tree for our family who provides shade.*



SIVANI C
10D



# കുസൃതിച്ചോദ്യങ്ങൾ

കാണുമ്പോൾ നിറമില്ലാത്തതും എന്നാൽ പറയുമ്പോൾ നിറമുള്ളതും ആയ വസ്തു.

ഗ്രഹങ്ങളിൽ വച്ച് ഏറ്റവും അപകടകാരിയായ ഗ്രഹം.

കലണ്ടറിൽ കാണപ്പെടുന്ന പഴം.

എപ്പോഴും വിശപ്പുള്ള രാജ്യം.

പേന കൊണ്ടു നടക്കുന്ന പക്ഷി.

വീട്ടിലേക്കുള്ള വഴി പറഞ്ഞു തരുന്ന പച്ചക്കറി.

ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ളീഷ് അക്ഷരം.

കാരറ്റ് മാത്രം വാങ്ങാൻ കിട്ടുന്ന കട.

കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്ത വളം.

ജനങ്ങൾക്ക് താമസിക്കാൻ പറ്റാത്ത സിറ്റി.

കടയിൽ നിന്ന് വാങ്ങാൻ കിട്ടാത്ത ജാം.

മിത്ര വി വി
8 H

# ദേഷ്യത്തിന്റെ കാരണം

സുധാകരൻ ജോലി കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചു. അമ്മുവും ഗോപിയും ഉമ്മറപ്പടിയിൽ അച്ഛനേയും കാത്തിരുന്നു. അച്ഛൻ വരുന്നതു കണ്ട കുട്ടികൾ ആകാംക്ഷയോടെ അയാളെത്തന്നെ നോക്കി നിന്നു. എന്നിട്ട് അച്ഛന്റെ കയ്യിൽ സഞ്ചിയില്ലേയെന്ന് ഉറപ്പു വരുത്തി.

സുധാകരൻ ചവിട്ടുപടി കയറിയപ്പോൾ തന്നെ അമ്മു –"അച്ഛാ ഞാൻ പറഞ്ഞ കളിക്കുടുക്ക വാങ്ങിയിട്ടുണ്ടോ"? തുടർന്ന് ഗോപി –"അച്ഛാ എന്റെ പെൻസിലോ ...?". അപ്പോഴാണ്  അടുക്കളയിൽ നിന്നും സുഷമ –"സുധേട്ടാ ബ്ലൗസ് തയ്പ്പിച്ച് കിട്ടിയോ എന്നും..... സുധാകരൻ കയ്യിലിരുന്ന സഞ്ചി തിണ്ണയിൽ വച്ച് മുഖം വീർപ്പിച്ച് അകത്തേക്ക് കയറിപ്പോയി. ഒരു നിമിഷത്തേക്ക് എല്ലാവരും നിശബ്ദരായി.... ആദ്യമായിട്ടാണ് അച്ഛൻ ഒന്നും മിണ്ടാതെ, ഒന്ന് ചിരിക്കുക കൂടെ ചെയ്യാതെ കയറി പോയത്. മൂന്നുപേരും പരസ്പരം നോക്കി നിന്നു. ഇതാലോചിച്ച് മൂന്നുപേരുടെയും മനസ്സിൽ പലപല ചിന്തകൾ കടന്നുപോയി....

"ഈശ്വരാ! ഞാൻ സുധേട്ടന്റെ പേഴ്സിൽ നിന്നും പൈസ എടുത്തത് അറിഞ്ഞു കാണുമോ..?" എന്ന് സുഷമയും, മക്കൾ രണ്ടുപേരും തങ്ങൾ ചെയ്ത കുരുത്തക്കേടുകളെ പറ്റിയും ആലോചിച്ചു .

അന്ന് രാത്രി അത്താഴം കഴിക്കാൻ ഇരുന്നപ്പോൾ ആരും ഒരക്ഷരവും മിണ്ടിയില്ല. സാധാരണ ആ അയൽപ്പക്കത്തെ ഏറ്റവും ഒച്ചയും ബഹളവും ഉണ്ടാക്കുന്ന ആ വീട്ടിൽ ആരും ഒരക്ഷരവും മിണ്ടിയില്ല.

അന്ന് ഓഫീസിൽ പുതുതായി വന്ന ഒരു തൊഴിലാളിയുടെ വകയായി പലഹാരവും മറ്റും കൊണ്ടുവന്നിരുന്നു. സുധാകരൻ അതിൽ നിന്നും ഒരു അരിയുണ്ടയും തിന്നു. അരിയുണ്ടയുടെ ദൃഢത കൊണ്ടോ, അതോ അയാളുടെ പല്ലിന്റെ ബലഹീനത കൊണ്ടോ  എന്നറിയില്ല, സുധാകരന്റെ അണപ്പല്ല് ഇളകിപ്പോയി. വേദന സഹിക്കവയ്യാതെയാണ് സുധാകരൻ നിശബ്ദനായത്.

വീട്ടിലെ പതിവില്ലാത്ത നിശബ്ദത ശ്രദ്ധിച്ച് സുധാകരൻ ഇങ്ങനെ ചിന്തിച്ചു –"ദൈവമേ! ഇനി ഞാൻ എന്തെങ്കിലും വാങ്ങാൻ മറന്നു പോയോ..?"

അത്താഴത്തിന് ശേഷം സുഷമ നിശബ്ദതയെ മുറിച്ചുകൊണ്ട് പറഞ്ഞു –"സുധേട്ടാ ....അമ്മുവിന് സ്കൂളിൽ പരിപാടിക്കിടാൻ ഉടുപ്പ് വാങ്ങാനാ പൈസ എടുത്തേ....., സുധാകരൻ സുഷമയെ അത്ഭുതത്തോടെ നോക്കുകയല്ലാതെ വേറൊന്നും മിണ്ടിയില്ല. തുടർന്ന് കുട്ടികൾ ഓരോരുത്തരായി പറയാൻ തുടങ്ങി. 'ഒരു കുമ്പസാര ചടങ്ങിൽ' ഇരിക്കുന്ന പള്ളിയിലച്ചനെ പോലെ അയാൾ എല്ലാം കേട്ടിരുന്നു.

അവസാനം സുഷമ പറഞ്ഞു– ചേട്ടാ ...എന്താണ് ഞങ്ങളോട് ഇത്രയ്ക്കും ദേഷ്യം പറയൂ, ഞങ്ങൾ എന്ത് തെറ്റാണ് ചെയ്തത് ? കാര്യങ്ങൾ മനസ്സിലാക്കിയ സുധാകരൻ പൊട്ടിച്ചിരിക്കാൻ തുടങ്ങി. ഒന്നും മനസ്സിലാകാതെ അയാളെ തുറിച്ച് നോക്കുന്നവരോട് സുധാകരൻ കാര്യങ്ങൾ തുറന്നു പറഞ്ഞു. സത്യാവസ്ഥ അറിഞ്ഞപ്പോൾ അയാളുടെ ചിരിയിൽ ആ മൂന്നുപേരും പങ്കുചേർന്നു.

ചിരിയിൽ ആ കൊച്ചു വീടിന് എന്തെന്നില്ലാത്ത ഒരു ചൈതന്യം ഉളവായി, ആ വീട് ഉണർന്നു.

ഏദ്യകൃഷ്ണ എം ആർ
10C

# Innovations In Science

**Artificial Intelligence:**

**In many ways, 2023 was the year that people began to understand what "AI" really is and what it can do. It was the year that chat boats first went truly viral, and the year that governments began taking AI risk seriously. Those developments weren't so much new innovations as they were technologies and ideas taking centre stage after a long gestation period**

**Carbon Capture :**

**Scientists have found a way to capture atmospheric carbon dioxide and convert it to baking soda to be stored in the sea. In a recent study published in the journal Science Advances, researches also found a way to make carbon capture more efficient by using a hybrid of existing methods**.

**Photocatalytic Hydrogen :**

**The photo catalytic production of hydrogen represents a fascinating way to convert and store solar energy as chemical energy in the form of renewable hydrogen, the ideal fuel for the future. Hydrogen can be produced either by direct water splitting or by photo reforming of organics in either liquid or gas phase**.

**High Temperature Super conductivity :**

**Researchers at the University of Rochester have developed a new material that exhibits super conductivity at temperatures significantly higher than ever before. This break through has the potential to revolutionize the way we generate and transmit electricity**.

**Nuclear Fusion:**

**Nuclear fusion generates more net energy with ignition. Scientists at the Lawrence, Livermore National Laboratory have achieved ignition in a nuclear fusion experiment generating more net energy than was consumed. This is a major milestone in the development of a clean and virtually limitless source of energy**.

**ADITHYA S K V**
**9D**

# ഇരുളിന്റെ തീവ്രത

ഇരുളടഞ്ഞ നിലാവിൽ പോയ്മറഞ്ഞ സന്ധ്യേ ..
നിൻവിളി കാത്തുനിൽക്കുന്നു ഞാൻ .
എന്തൊരു ശാന്തമാം നിൻ ഇരുട്ടിൻ പകലിന്റെ -
തീവ്രതയിലലിയും ഇമകളിൽ നിന്റെ മുഖം.
വിരലിൽ തൊട്ടു വിളിച്ച നേരത്ത് -
അറിയാതെ ഞാനതിനൊപ്പം ചലിക്കവേ ..
ആണ്ടു പോയ് ആഴത്തിലങ്ങനെ
നീണ്ടു പോയ് ആനന്ദപാതകൾ.
ഹൃദയത്തിൽ അലട്ടീടുന്ന ചിന്തകൾ -
തേഞ്ഞലിഞ്ഞെന്റെ ഉള്ളിൽ കിടക്കുവാൻ-
നിൻ പാത ഓർക്കുന്നു എൻ വഴികളിൽ,
ഇരുളടഞ്ഞു പോയ രണ്ടു പക്ഷികളാണ് നമ്മൾ......

അനന്യസുരേഷ്. എ. കെ
9F